കൊലപാതകങ്ങൾ.

* 634. [36] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ചീഫ് മിനിസ്റ്ററായുള്ള ഇപ്പോഴത്തെ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്രപേരെ റൌഡികളും ഗുണ്ടാകളും കുത്തികൊലപ്പെടുത്തിയിട്ടുണ്ട്;

(ബി) ആരൊക്കെയാണ് മരണമടഞ്ഞിട്ടുള്ളവർ;

(സി) ഈ സംഭവങ്ങളിൽ എന്തുനടപടിയാണ് ഗവണ്മെൻറിൽ നിന്നും എടുത്തിട്ടുള്ളത്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) രണ്ടുപേരെ.

(ബി) 1. നാരായണൻ ചെല്ലപ്പൻ, ഇടവങ്കോട്ടുവീട്, കിളിമാനൂർ

2. കുഞ്ഞുപിള്ള, വിളയിൽ വീട്, പ്രാക്കുളം.

(സി) കടയ്ക്കാവൂർ സ്റ്റേഷനിൽ ക്രൈംനമ്പർ 43/55 ആയും, കുണ്ടറ സ്റ്റേഷനിൽ ക്രൈംനമ്പർ 26/55 ആയും സംഭവങ്ങളെപ്പറ്റി രണ്ട് കേസുകൾ രജിസ്റ്റർചെയ്ത് അന്വേഷണം നടത്തി.

കുടിയിറക്ക്.

* 635. [37] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിയിറക്ക നിരോധനബില്ല് പാസ്സായതിനു ശേഷം അവ നടപ്പിൽ വരുത്തുന്നതിനു എന്തെല്ലാം പ്രായോഗിക നടപടികൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്;

(ബി) കുടിയിറക്ക നിരോധനബില്ല് പാസ്സായതിനു ശേഷം കുടിയിറക്ക സംബന്ധിച്ച് വല്ല പരാതികളും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൽ കുടിയിറക്കപ്പെട്ടവ എത്ര; കുടിയിറക്ക നടത്താനുള്ള ശ്രമങ്ങൾ എത്ര;

(ഡി) ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ആഭ്യന്തരകായ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കുടിയൊഴിപ്പിക്കൽ നിരോധനയാക്ടിൻ 13-ാംവകുപ്പു പ്രകാരം കുടികിടപ്പുകാരായി രജിസ്റ്റർ ചെയ്യുന്നതിലേക്കായുള്ള ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തുകയും, അപേക്ഷകൾ സ്വീകരിച്ച് ആവശ്യമായ മേൽനടപടികൾ നടത്താൻ വില്ലേജ് ആഫീസർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കിട്ടിയിട്ടില്ല.

(സി, ഡി) ബി. ഉത്തരത്തിൻറെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly